II സാമൂഹിക വികസനം :

1. ആശ്രയ

2. ബഡ്സ് സ്കൂൾ

3. ബഡ്സ് റീഹാബിലിറ്റേഷൻ സെന്ററുകൾ

4. ട്രൈബൽ സോഷ്യൽ പ്രോജക്ട്സ്

5. ബാലസഭ

III സ്ത്രീ ശാക്തീകരണ പ്രവർത്തനങ്ങൾ :

1. സ്ത്രീപദവി സ്വയം പഠനം

2. ക്രൈംമാപ്പിംഗ്

3. സ്നേഹിത ജെന്റർ ഹെൽപ്പ് ഡെസ്ക്

4. ശ്രീശക്തി പോർട്ടൽ

(ഡി) മഹിളാ കിസാൻ സശാക്തീകരൺ പരിയോജന (എം.കെ.എസ്.പി.), സ്വർണ്ണജയന്തി ഷഹരി റോസ്ഗാർ യോജന (എസ്.ജെ.എസ്.ആർ.വൈ.), നാഷണൽ അർബൻ ലൈവ്ലിഹുഡ് മിഷൻ (എൻ.യു.എൽ.എം.), ഇന്റഗ്രേറ്റഡ് ഹൗസിംഗ് സ്ലം ഡെവലെപ്മെന്റ് പ്രോജക്ട് (ഐ.എച്ച്.എസ്.ഡി.പി.), ബേസിക് സർവ്വീസസ് ഫോർ അർബൻ പൂവർ (ബി.എ.എസ്.യു.പി.)രാജീവ് ആവാസ് യോജന (ആർ.എ.വൈ.), നാഷണൽ റൂറൽ ലൈവ്ലിഹുഡ് മിഷൻ (എൻ.ആർ.എൽ.എം.), ദീൻദയാൽ ഉപാധ്യായ ഗ്രാമീൺ കൗശല്യ യോജന എന്നീ കേന്ദ്രാവിഷ്കൃത പദ്ധതികളാണ് കുടുംബശ്രീ മുഖേന നടപ്പിലാക്കിവരുന്നത്.

(ഇ) 2014-15-ലെ ബഡ്ജറ്റിൽ വകയിരുത്തിയിരുന്ന 115.49 കോടി രൂപയിൽ 8615 ലക്ഷം രൂപ 2014-15 സാമ്പത്തിക വർഷത്തിൽ ചെലവഴിച്ചു.

ഗ്രാമവികസനത്തിനായുള്ള കേന്ദ്രാവിഷ്കൃത പദ്ധതികൾ

36 (1404) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗ്രാമവികസനത്തിനായി നടപ്പിലാക്കുന്ന കേന്ദ്രാവിഷ്കൃത പദ്ധതികൾ ഏതൊക്കെയാണെന്ന് വിശദമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഈ സർക്കാർ അധികാരമേറ്റശേഷം പ്രസ്തുത പദ്ധതികൾക്കായി കേന്ദ്രത്തിൽനിന്നും എത്ര തുക ലഭ്യമായിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(സി) 2011 മുതൽ 2015 വരെയുള്ള സാമ്പത്തിക വർഷങ്ങളിൽ ലഭ്യമായ ഫണ്ടിൽനിന്നും എത്ര തുക വീതം വിനിയോഗിച്ചുവെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ?

ഉത്തരം

(എ-സി) വിവരം ശേഖരിച്ചുവരുന്നു.

ബ്ലോക്ക് പഞ്ചായത്തുകളുടെ 2014-15-ലെ പ്ലാൻ എക്സ്പെൻഡിച്ചർ

37 (1405) ശ്രീ. വി. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ബ്ലോക്ക് പഞ്ചായത്തുകളുടെ 2014-15-ലെ പ്ലാൻ എക്സ്പെൻഡിച്ചർ എത്രയെന്ന് ശതമാനം ഉൾപ്പടെ വിശദമാക്കാമോ ;

(ബി) 2015-16 ലേക്കുള്ള പദ്ധതി ആവിഷ്കരിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ വിശദമാക്കാമോ ?

ഉത്തരം

(എ) 2014-15 സാമ്പത്തിക വർഷത്തിൽ ബ്ലോക്ക് പഞ്ചായത്തുകൾ വികസന ഫണ്ടിനത്തിൽ ആകെ ലഭ്യമായ 67716.31 ലക്ഷം രൂപയിൽ 56738.54 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. ഇത് ആകെ ലഭ്യമായ ഫണ്ടിന്റെ 83.79 ശതമാനമാണ്.

(ബി) 2015-16-ലേയ്ക്കുള്ള പദ്ധതി ആവിഷ്കരിക്കുന്നതിന് 10-11-2014-ലെ സ.ഉ.(സാധാ) 2922/14/ത.സ്വ.ഭ.വ. പ്രകാരം സമയക്രമം നിശ്ചയിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഇതിനുശേഷം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ആവിഷ്കരിച്ചിട്ടുള്ള 2015-16-ലെ പദ്ധതികൾക്ക് അംഗീകാരം നൽകുന്നതിനായി ജില്ലാ ആസൂത്രണ സമിതികൾ ചേരുന്നതിനുള്ള സമയപരിധി 2015 ജൂലൈ 10 വരെ ദീർഘിപ്പിച്ച് നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly